# കൃഷ്ണരാജ് : നിശ്ശബ്ദം, ശക്തം

ഡോ. ബേബി ആന്റണി



കൃഷ്ണരാജ് എന്ന പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനായ പത്രപ്രവർത്തകനെ ഞാൻ ജീവിതത്തിൽ ആദ്യമായും അവസാനമായും കാണുന്നത് 2003 ഫെബ്രുവരി 16, 17 തീയതികളിലാണ്. പ്രൊഫസ്സർ കെ.എൻ. രാജിനെ ആദരിക്കുന്നതിനായി തൃശൂർ സെന്റ് തോമസ് കോളേജിൽ നടത്തുവാനുദ്ദേശിച്ചിരുന്ന ഒരു സെമിനാറിനെപ്പറ്റി സംസാരിക്കുവാനാണ് ഞാൻ കൃഷ്ണരാജിനെ കാണുവാൻ പോയത്. തിരുവനന്തപുരത്തെ സി.ഡി.എസ്സിൽ എന്റെ സീനിയർ ആയി പഠിച്ചിരുന്ന, ഇപ്പോൾ മുംബൈയിലെ ഐ.ജി.ഐ.ഡി. ആറിലെ പ്രൊഫസ്സറുമായ ഡോ. നാഗരാജാണ് കൃഷ്ണരാജിനെ കാണുവാൻ എനിക്ക് സാഹചര്യം ഒരുക്കിതന്നത്. നാഗരാജ് പറഞ്ഞതുപ്രകാരം 2003 ഫെബ്രുവരി 16-ാം തീയതി, മൂന്നുമണിയ്ക്ക് ഞാൻ ഹിറ്റ്കാരി ഹൗസിലെ 6-ാം നിലയിൽ എത്തുമ്പോൾ എന്റെ മനസ്സിൽ നിറയെ ആശങ്കകളായിരുന്നു. ലോകത്തിലെ തന്നെ ഏറ്റവും പ്രസിദ്ധമായ സാമ്പത്തികശാസ്ത്ര വാരികയെന്ന് നോബൽ സമ്മാന ജേതാവായ ഡോ. സാമുവൽസൺ വാഴ്ത്തിയ "ഇ.പി.ഡബ്ല്യു"വെന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന 'ഇക്കണോമിക് ആൻഡ് പൊളിറ്റിക്കൽ വീക്ക്ലി'യുടെ മുഖ്യപത്രാധിപരും ഇൻഡ്യയിലെ ഏറ്റവും പ്രഗത്ഭനായ ഒരു സാമ്പത്തിക വിദഗ്ദ്ധനുമായ കൃഷ്ണരാജിനെ എങ്ങനെ അഭിമുഖീകരിക്കും എന്നതായിരുന്നു എന്നെ അലട്ടിയിരുന്ന പ്രശ്നം. എന്നാൽ അത്ഭുതമെന്നു പറയട്ടെ സാധാരണ ജോലിക്കാരോടൊപ്പം ഒരു പ്രത്യേകമായി സ്വന്തം ഒരു മുറിപോലുമില്ലാതെ ജോലി ചെയ്യുന്ന കൃഷ്ണരാജ് നിറഞ്ഞ ചിരിയുമായി ഒരു വി.വി.ഐ.പിയെ സ്വീകരിക്കാനെന്ന മട്ടിൽ അദ്ദേഹത്തിന്റെ ഇരിപ്പിടത്തിൽ നിന്നും എഴുന്നേറ്റുവന്നത് സ്നേഹാദരങ്ങളോടെയും കണ്ണുനീരോടെയും മാത്രമേ എനിക്കിന്നും ഓർമ്മിക്കാൻ കഴിയുന്നുള്ളൂ. ലോക പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനായ പ്രൊഫ. രാജിനെ ആദരിക്കുവാനായി 2000 മുതൽ ഒരു ദേശീയ സെമിനാർ നടത്തുവാനുള്ള എന്റെ പല ശ്രമങ്ങളും ദയനീയമായി പരാജയപ്പെട്ട കാര്യങ്ങൾ അദ്ദേഹം വളരെ ശ്രദ്ധയോടെ കേട്ടിരുന്നു. എന്നിട്ടുടനെ എന്റെ തോളിൽ തട്ടി പറഞ്ഞു: "Don't worry my dear boy. I will be with you." എന്നിട്ടദ്ദേഹം പറഞ്ഞു. "നാളെ രാത്രിയിൽ 8 മണിക്ക് സമീക്ഷാ ട്രസ്റ്റിന്റെ ഡയറക്ടർ ആയുള്ള റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഡപ്യൂട്ടി ഗവർണറായിരുന്ന ഡോ. എസ്.എൽ. ഷെട്ടിയേയും കൂടി വിളിച്ച്, ഡോ. നാഗരാജുമായി നമുക്കിരിക്കാം. സെമിനാറിനെപ്പറ്റി നമുക്ക് വളരെ വിശദമായി ചർച്ച ചെയ്ത് പ്ലാനുണ്ടാക്കാം." പിറ്റേ ദിവസം ഞങ്ങൾ നാലുപേരും രാത്രി 8 മണി മുതൽ 11.40 വരെ രാജിന്റെ സെമിനാറിനെപ്പറ്റി ചർച്ച ചെയ്തു. 11.40ന് തൊട്ടടുത്തുള്ള ഒരു വലിയ ഹോട്ടലിൽ കൊണ്ടുപോയി അദ്ദേഹത്തിന്റെ പോക്കറ്റിൽനിന്നും തന്നെ പൈസയും കൊടുത്ത് വയറുനിറയെ ഭക്ഷണവും വാങ്ങിതന്നിട്ടാണ് അദ്ദേഹം എന്നെ യാത്രയാക്കിയത്. ആ സമയത്ത് അദ്ദേഹംഎന്നോടു പറഞ്ഞത് ഞാനിന്നും നന്ദിയോടെയും അതീവ ദുഃഖത്തോടെയും സ്മരിക്കുന്നു. "ബേബി, ഇനി മുമ്പോട്ടു പോവുക. ഡോക്ടർ ഷെട്ടിയും ഞാനും അവസാന നിമിഷം വരെ ബേബിയോടൊപ്പം ഉണ്ടാവും. സെമിനാറിന് 2 ദിവസം മുമ്പുതന്നെ ഞാൻ തൃശൂരുണ്ടാവും." ഈ വാക്കുകൾ ഇന്നും എന്നെ പ്രതിബന്ധങ്ങൾ അലട്ടുമ്പോഴും മുന്നോട്ടുപോകുവാൻ സഹായിക്കുന്നു. ഈ സെമിനാറിനുവേണ്ട 11 ലക്ഷം രൂപയിൽ 4 ലക്ഷം രൂപയും സംഘടിപ്പിച്ച് തന്നിട്ടാണ് അദ്ദേഹം യാത്രയായത് എന്ന വേദനിപ്പിക്കുന്ന സത്യം ഞാൻ നിറകണ്ണുകളോടെ ഓർക്കുന്നു. ആ കൂടിക്കാഴ്ചയ്ക്കുശേഷം കഴിഞ്ഞ 10 മാസവും ഫോണിലൂടെയും, ഈമെയിലിലൂടെയും അദ്ദേഹം ഞാനുമായി നിരന്തരം സെമിനാറിന്റെ കാര്യങ്ങൾ ചർച്ച ചെയ്തിരുന്നു. 2004 ജനുവരി 17-ാം തീയതിയുണ്ടായ അദ്ദേഹത്തിന്റെ അകാല നിര്യാണം എന്റെ ജീവിതത്തിലെ മറക്കാനാകാത്ത ഒരു തീരാനഷ്ടമായിട്ടാണ് ഞാനിന്ന് കരുതുന്നത്.

മുമ്പു സൂചിപ്പിച്ചതുപോലെ കൃഷ്ണരാജിനെ അതിനുമുമ്പ് ഞാൻ കണ്ടിട്ടില്ലെങ്കിലും 1982 ൽ സി.ഡി.എസിൽ ഒരു എം.ഫിൽ വിദ്യാർത്ഥിയായി ചേർന്നപ്പോൾ പലരിൽ നിന്നും കേട്ടിരുന്നു. പിന്നീട് ഡോ. രാജിന്റെ ക്ലാസ്സുകളിലെ പരാമർശങ്ങളിൽ നിന്നും ഡോ. രാജിന്റെ തന്നെ ആത്മകഥയിൽ നിന്നും 1958 ൽ ഡൽഹി സ്ക്കൂളിലെ ഏറ്റവും സമർത്ഥനായ വിദ്യാർത്ഥിയെ ഡോ. രാജ് അന്നത്തെ 'ഇക്കണോമിക് വീക്ക്ലിയുടെ' ജീവാത്മാവും പരമാത്മാവുമായ സചിൻ ചൗധരിക്ക് പരിചയപ്പെടുത്തിയ സംഭവവും ഉൾപ്പെടെ 1958 മുതൽ 1969 വരെ ഇക്കണോമിക് വീക്കിലിയിൽ ജോലി ചെയ്തതും 1969 മുതൽ 2004 ൽ അന്തരിക്കും വരെ ഇ.പി.ഡബ്ല്യു. വിൽ ജോലി ചെയ്തതുമെല്ലാം നമുക്കറിയാവുന്ന ചരിത്രമാണല്ലോ. എന്നെ ആകർഷിച്ച "അനന്യമായ" (Unique) വ്യക്തിത്വത്തിന്റെ ഉടമയായ കൃഷ്ണരാജ് താഴെ പറയുന്ന കാരണങ്ങളാൽ എനിക്ക് ഏറ്റവും പ്രിയപ്പെട്ടവനാകുന്നു.

(1) അദ്ദേഹം മിതഭാഷിയും സൗമ്യനും, സദാ പുഞ്ചിരിക്കുന്നവനുമായിരുന്നു. ഇത് അദ്ദേഹവുമായി പരിചയപ്പെട്ടിട്ടുള്ള ഏതൊരു വ്യക്തിയും അനുഭവിച്ചറിഞ്ഞ യാഥാർത്ഥ്യമാണ്. "വളരുന്നത് ശബ്ദമുണ്ടാക്കില്ല" എന്ന പ്രസിദ്ധമായ ഭാരതീയ ചൊല്ല് നാം കേട്ടിട്ടുണ്ടല്ലോ? അതിനെ നൂറുശതമാനവും സാർത്ഥമാക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ പെരുമാറ്റരീതിയുടെ സവിശേഷത. മറ്റുള്ളവരെ പരമാവധി ശ്രവിക്കുകയും, അത്യാവശ്യമായി മാത്രം ഹൃദ്യമായും, മധുരമായും, സൗമ്യമായും സംസാരിക്കുക-അതായിരുന്നു കൃഷ്ണരാജ് സാർ.

(2) കൃഷ്ണരാജിന്റെ സാമ്പത്തിക ശാസ്ത്രത്തിലും മറ്റ് മാനവിക വിഷയങ്ങളിലുമുള്ള പാണ്ഡിത്യം അഗാധമായിരുന്നു. മാത്രമല്ല, സാമ്പത്തികശാസ്ത്രം കഴിഞ്ഞാൽ വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി സംരക്ഷണം, സ്ത്രീ പഠനങ്ങൾ മുതലായ വിഷയങ്ങളിൽ അദ്ദേഹം പ്രത്യേക താല്പര്യം കാണിച്ചു.

(3) കൃഷ്ണരാജ് സാർ എന്നും അറിയപ്പെടാതെ ജീവിക്കുവാൻ ആഗ്രഹിച്ചു. ഇന്ന് പല പത്രങ്ങളും, വാരികകളും പരിശോധിച്ചാൽ അതിന്റെ പത്രാധിപന്മാർ തങ്ങളുടെ പ്രസിദ്ധീകരണങ്ങളേക്കാൾ അധികം പ്രശസ്തി പറ്റുവാൻ ഓടി നടക്കുന്നതായി കാണാം. പക്ഷേ കൃഷ്ണരാജ് 100 ശതമാനവും ഇതിൽനിന്നും വ്യത്യസ്തനായിരുന്നു. എന്നും ഇക്കണോമിക് ആൻഡ് പൊളിറ്റിക്കൽ വീക്ക്ലി വളരുവാൻ മാത്രം അദ്ദേഹം ശ്രമിച്ചു. സ്വന്തം പേരിനും പെരുമയ്ക്കും